"ഭരണഭാഷ – മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ : എ2/22852/16

KSHB Building, ശാന്തി നഗർ,
തിരുവനന്തപുരം,
തീയതി : ~~04.07.2016~~ 25-8-2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- സീനിയർ ഇൻസ്ട്രക്ടർ ഗ്രേഡേഷൻ ലിസ്റ്റ് - യോഗ്യതകൾ പരിഷ്കരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- എ2/12212/2013 നമ്പരായ 19-04-13 ലെ ഉത്തരവ്.

---

സൂചന ഉത്തരവ് പ്രകാരം സീനിയർ ഇൻസ്ട്രക്ടർമാരുടെ ഗ്രേഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരിൽ ചിലർ 19-04-2013-ന് ശേഷം നേടിയ യോഗ്യതകൾ ഗ്രേഡേഷൻ ലിസ്റ്റിൽ ചേർക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. 19-04-13-ൽ പ്രസിദ്ധീകരിച്ച ഗ്രേഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയ യോഗ്യതകൾക്ക് പുറമെ മറ്റ് യോഗ്യതകൾ നേടിയ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർ ആയത് ഗ്രേഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സ്ഥാപന മേലധികാരിക്ക് 06-09-2016-നകം അപേക്ഷ നൽകേണ്ടതാണ്. സി.ടി.ഐ. ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഗ്രേഡേഷൻ ലിസ്റ്റിൽ ചേർത്തിട്ടില്ല എങ്കിൽ ആയതും ഇതോടൊപ്പം പരിഗണിക്കുന്നതിന് അപേക്ഷ സ്ഥാപന മേലധികാരിക്ക് 06-09-2016-നകം സമർപ്പിക്കേണ്ടതാണ്.

ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ 22-09-2016-നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിന് സ്ഥാപന മേലധികാരികൾ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്:

എല്ലാ ഓഫീസ് മേലധികാരികൾക്കും.

എസ്.എ 26/08/16 എസ്.എച്ച്.